# കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്

# 2026

# പൌരാവകാശ രേഖ

# ആമുഖം

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഗ്രാമപഞ്ചായത്തുകളുടെ അധികാരവും , ചുമതലകളും ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. സ്വയം ഭരണാധികാരമുള്ള വിവിധ വകുപ്പുകളുള്ള പ്രാദേശിക സർക്കാറുകളായി അവ മാറിക്കഴിഞ്ഞു. വർദ്ധിച്ച അധികാരങ്ങളുടെയും , ചുമതലകളുടെയും സംഗമവും ക്രിയാത്മകവുമായ നിർവ്വഹണം ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിൽ പുതിയ നിയമങ്ങളും ചട്ടങ്ങളും നിലവിൽ വന്നു. വികസനക്ഷേമ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കി. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ഭരണക്രമമാണ് ജനാധിപത്യം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കപ്പെട്ടു. ഭരണ നടപടികൾ ലളിതവും സുതാര്യമായി മാറി. ഉദ്യോഗസ്ഥതലത്തിൽ ജനകീയ ആഭിമുഖ്യം വളർത്തിയെടുത്തു. വലിയൊരു പരിധി വരെ ചുവപ്പുനാടയുടെ കുരുക്കഴിക്കപ്പെട്ടു.

അഴിമതിയും അധികാര ദുർവിനിയോഗവും സ്വജനപക്ഷപാത വുമല്ലാതെ ജനഹിതം മാനിച്ചു കൊണ്ടുള്ള ഒരു ഭരണസംസ്കാരം രാജ്യമാകെ സൃഷ്ടിച്ചെടുക്കാൻ വിഭാവനം ചെയ്യുന്ന ഒന്നാണ് ഇപ്പോൾ സുദൃഢമായി വരുന്ന തദ്ദേശ സ്വയം ഭരണ സംവിധാനവും സ്ഥാപനങ്ങളും അവയെ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിന് തദ്സംബന്ധമായ എല്ലാ വസ്തുതകളും ജനങ്ങൾ അറിഞ്ഞിരിക്കണം, അതിനുള്ള അവകാശം അവർക്കു. ലഭിക്കുന്ന സേവനങ്ങളും സഹായങ്ങളും സംബന്ധിച്ച് കൃത്യവും വ്യക്തവുമായ ധാരണ ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ആധികാരികമായ പൗരാവകാശ രേഖ ഏറെ സഹായകമാവുന്നു. മറ്റെല്ലാ വകുപ്പുകളിലുമെന്ന പോലെ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നമ്മുടെ പഞ്ചായത്തിനും ബാധകമാണ്. ഓരോ പൗരന്റെയും അവകാശങ്ങൾ ഒട്ടും തന്നെ നിഷേധിക്കപ്പെടാത്ത വിധം, നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്കും അനുവദിക്കപ്പെട്ട സമയപരിധിക്കും വിധേയമായി സേവനം ലഭ്യമാക്കണമെന്ന് ഈ നിയമങ്ങൾ ഉറപ്പ് നൽകുകയും ചെയ്യുന്നു. ഈ അടിസ്ഥാനത്തിൽ അരീക്കോട് ഗ്രാമ പഞ്ചായത്ത് ആഫീസിൽ നിന്നും, അതിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ പൗരനും ലഭ്യമാകുന്ന സേവനങ്ങളും സഹായങ്ങളും സംബന്ധിച്ചു ള്ള എല്ലാ വിവരങ്ങളും വിശദമായി പ്രതിപാദിക്കുന്ന, 2019 വർഷത്തേക്കുള്ള പൗരാവകാശ രേഖ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിക്കുന്നു. ജനങ്ങളും ഭരണസംവിധാനവും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുവാനും, സേവനവും സഹായവും വേഗതയിലും എളുപ്പത്തിലും സാധ്യമാക്കുന്നതിനും ഈ രേഖ പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഉദ്ദേശശുദ്ധി കാത്തുസൂക്ഷിക്കണമെന്നും ഗ്രാമപഞ്ചായത്തിന്റെ കരുത്തും പ്രവർത്തനക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണ ഉണ്ടാകണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു.




*അഭിവാദ്യങ്ങളോടെ*

മുഹമ്മദ്. പി
പ്രസിഡന്റ് കുഴിമണ്ണ ഗ്രാമപഞ്ചായത്ത്

മാന്യരെ,

# ഇന്ത്യയുടെ ആത്മാവ് കുടി കൊള്ളുന്നത് ഗ്രാമങ്ങളി ലാണ്

# -ഗാന്ധിജി



# പഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾ

- പഞ്ചായത്തിന്റെ പേര് : കുഴിമണ്ണ ഗ്രാമപഞ്ചായത്ത്
- പഞ്ചായത്ത് രൂപീകൃതമായത് : 21-10-1961
- ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് : അരീക്കോട്
- ജില്ലാ പഞ്ചായത്ത് : മലപ്പുറം
- താലൂക്ക് : കൊണ്ടോട്ടി
- അസംബ്ലി മണ്ഡലം : ഏറനാട്
- പാർലമെന്റ് മണ്ഡലം : വയനാട്
- പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ : കുഴിമണ്ണ
- വാർഡുകളുടെ എണ്ണം : 21
- വിസ്തീർണ്ണം : 22.05 ച.കി.മീ
- പഞ്ചായത്തിലെ ജനസംഖ്യ : 34413 (2011 സെൻസസ്)
  - സ്ത്രീകൾ : 17534
  - പുരുഷൻമാർ : 16879
- പ്രസിഡന്റ് : ശ്രീ. മുഹമ്മദ്. പി
- വൈസ് പ്രസിഡന്റ് : ശ്രീമതി. ലുബ്ന. പി കെ (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ :ശ്രീ.മമ്മദുണ്ണി. വി കെ - ചെയർമാൻ

- ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ :ശ്രീമതി. ഷിജിനി- ചെയർമാൻ
- ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ : ശ്രീ. അബ്ദുൽ ലത്തീഫ്- ചെയർമാൻ
- സെക്രട്ടറി : മനോജ്. ടി വി അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്)

## ഗ്രാമ പഞ്ചായത്ത് അംഗങ്ങളുടെ വിവരം

- ഗ്രാമ പഞ്ചായത്തിന്റെ പേര് : കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്
- ആകെ അംഗങ്ങളുടെ എണ്ണം : 21
- വനിത അംഗങ്ങളുടെ എണ്ണം : 11
- പ്രസിഡന്റിന്റെ പേര്, വിലാസം : ശ്രീ. മുഹമ്മദ്. പി

  തച്ചക്കോട്ടിൽ (ഹൌസ്),

  മുണ്ടംപറമ്പ്,പുളിയക്കോട് (പിഒ),673641

  ഫോൺ.9496047850

- വൈസ് പ്രസിഡന്റിന്റെ പേര് വിലാസം : ശ്രീമതി. ലുബ്ന. പി കെ
  പലേക്കോട് (ഹൌസ്) കുഴിമണ്ണ (പി,ഒ)
  673641

  ഫോൺ.8281041414

## സ്റ്റാന്റിംഗ് കമ്മറ്റി സംബന്ധിച്ച വിവരം

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി :ലുബ്ന. പി കെ- ചെയർമാൻ

  :അലവി പറശ്ശീരി മെമ്പർ

  :ബിന്ദു, കെ - മെമ്പർ

  :ശറഫുദ്ധീൻ– മെമ്പർ

  :റംലത്ത് കാരാട്ടുചാലി മെമ്പർ

- വികസന സ്റ്റാന്റിംഗ് കമ്മിറ്റി : മമ്മദുണ്ണി. വി കെ ചെയർമാൻ
  : അസ്ക്കർ.എ മെമ്പർ

  : പ്രസന്നകുമാർ മെമ്പർ
  : റഹ്മത്ത് മെമ്പർ

  : ഫാത്തിമത്ത് സുഹ്റ മെമ്പർ

❖ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

| | |
|---|---|
| : ഷിജിനി. പി | ചെയർമാൻ |
| : റഷീദ്. യു | മെമ്പർ |
| : റുഖിയ്യ. പി | മെമ്പർ |
| : അർഷിദ ചോയക്കാട്ട് | മെമ്പർ |
| : ഉമ്മുഹബീബ. എം. ടി | മെമ്പർ |

❖ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

| | |
|---|---|
| :അബ്ദുൽ ലത്തീഫ് | ചെയർമാൻ |
| സാജിദ. കെ ടി | മെമ്പർ |
| താഹിറ | മെമ്പർ |
| അബ്ദുസ്സലാം | മെമ്പർ |
| ബഹ്ജത്ത് | മെമ്പർ |

# കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് മെമ്പർമാർ



വാർഡ്-1
പറശ്ശീരി അലവി



വാർഡ്-2
ശറഫുദ്ധീൻ



വാർഡ്-3
അബ്ദുൽ റഷീദ്. യു



വാർഡ്-4
റഹ്മത്ത്



വാർഡ്-5

മുഹമ്മദ്. പി



വാർഡ്-6

പ്രസന്നകുമാർ



വാർഡ്-7

അസ്കർ. എ



വാർഡ്-8

ഷിജിനി. പി



വാർഡ്-9

ബഹ്ജത്ത് ചാളക്കണ്ടി



വാർഡ്-10

അബ്ദുൽ ലത്തീഫ്



വാർഡ്-11

സാജിത. ടി പി



വാർഡ്-12

ലുബ്ന. പി. കെ



വാർഡ്-13

താഹിറ



വാർഡ്-14

റുഖിയ്യ



വാർഡ്-15

മമ്മദുണ്ണി. വി കെ



വാർഡ്-16

ഫാത്തിമത്തുൽ സുഹ്റ



വാർഡ്-17

അബ്ദുസ്സലാം



വാർഡ്-18

റംലത്ത് കാരാട്ടുചാലി. ഇ



വാർഡ്-19

ഉമ്മുഹബീബ. എം. ടി



വാർഡ്-20

അർഷിദ ചോയക്കാട്ട്



വാർഡ്-21

ബിനു. കെ

# ജന പ്രതിനിധികൾ

| | |
|---|---|
| പാർലമെന്റ് മണ്ഡലം | : വയനാട് |
| അംഗം | : ശ്രീമതി. പ്രിയങ്കഗാന്ധി |
| അസംബ്ലിമണ്ഡലം | : ഏറനാട് |
| അംഗം | : ശ്രീ പി.കെ.ബഷീർ , പൊതുമരാമത്ത് മന്ത്രി |

ജില്ലാ പഞ്ചായത്ത് ഡിവിഷനുകളും അംഗങ്ങളും

| | |
|---|---|
| കുഴിമണ്ണ | : ശ്രീ. ജബ്ബാർ ഹാജി |

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും അംഗങ്ങളും

| | |
|---|---|
| കുഴിമണ്ണ ഡിവിഷൻ | : ശ്രീ. ബുഷ്റ. എ. എം |
| പുളിയക്കോട് ഡിവിഷൻ | : ശ്രീ. ഷൈജ |

## കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | : | ശ്രീ. മനോജ്. ടി വി – അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്) |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ. മനോജ്. ടി വി |
| ഹെഡ് ക്ലാർക്ക് | : | ഒഴിവ് |
| അക്കൗണ്ടന്റ് | : | ശ്രീമതി.സൽമത്ത് പട്ടീരി |
| യു.ഡി.ക്ലാർക്ക് | : | ശ്രീ. വിനോദ് ഉരുണിയംകുത്ത് |
| | : | ശ്രീ.പ്രവീൺ കുമാർ |
| | : | ശ്രീ. അബ്ദുൽ റഹൂഫ്. പി |
| എൽഡി. ക്ലാർക്ക് | : | ശ്രീ. സചിത്രൻ എ. പി |
| | : | ശ്രീ.ഷാറൂക് നസ്സൽ |
| | : | ശ്രീമതി. സഫ്ല ബീഗം |
| | : | ശ്രീമതി.ഉമ്മുൽ ഫസരിയ |
| ഡ്രൈവർ | : | ശ്രീ.സജീവ്. എം |
| ഓഫീസ് അറ്റന്റന്റ് | : | ശ്രീ. ഹരീഷ്കുമാർ |

| | | |
|---|---|---|
| പാർടൈം സ്വീപ്പർ | : | ഒഴിവ് |
| ടെക്നിക്കൽ അസിസ്റ്റന്റ് | : | ശ്രീ.മുഹമ്മദ് റിയാസ്. എം |
| പ്രോജക്ട് അസിസ്റ്റന്റ് | : | ശ്രീമതി.ബിൻസി. കെ |
| ഹെൽത്ത് ഇൻസ്പെക്ടർ | : | ശ്രീമതി. ബിന്ദു. കെ |
| ഹേസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ് ( ഡാറ്റാ എൻട്രി ഓപ്പറേറ്റർ ) | : | ശ്രീ.അബ്ദുള്ള.എം.ടി |

**തൊഴിലുറപ്പ് പദ്ധതി വിഭാഗം**

| | | |
|---|---|---|
| അസി.എഞ്ചിനീയർ | : | ശ്രീ.കെ.പി.അലവിക്കുട്ടി |
| ഓവർസിയർ | . | ശ്രീമതി.റഷീദ.കെ.പി |
| ഡാറ്റാഎൻട്രി ഓപ്പറേറ്റർ | : | ശ്രീമതി.ഹഫ്സത്ത്.കെ |
| ഡാറ്റാഎൻട്രി ഓപ്പറേറ്റർ | . | ശ്രീമതി.ഹസീന |

## നിർവഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : |
| മെഡിക്കൽ ഓഫീസർ അലോപ്പതി | : ഡോ. ഖാലിദ്<br>ഫോൺ– 9447553838 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | : ഡോ. ഷാഹിന<br>ഫോൺ– 9847295087 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | : ഡോ.പ്രവീൺ കുമാർ<br>ഫോൺ 9447896218 |
| വെറ്ററനറി സർജൻ | : ഡോ.ഫസീൻ മുഹമ്മദ്<br>ഫോൺ 8589839012 |
| കൃഷി ഓഫീസർ | : ഇസ്ന കരിമ്പൻ<br>ഫോൺ 9847963637 |
| ഹെഡ്മാസ്റ്റർ | : ബീന, ഹെഡ്മിസ്ട്രസ്സ്<br>ഫോൺ 9495265721 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | : സിന്ധു<br>ഫോൺ - 9744065378 |
| വി.ഇ.ഒ | : സുമേഷ്<br>ഫോൺ 9539661781 |
| അസി. സെക്രട്ടറി | : മനോജ് . ടി വി<br>ഫോൺ 9846923997 |
| അസി. എഞ്ചിനീയർ | : സുദേഷ്ണ പാലോളി<br>ഫോൺ 9946550793 |

## ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ

- കുഴിമണ്ണ ഗ്രാമ പഞ്ചായത്ത് ഓഫീസ് കുഴിമണ്ണ – ഫോൺ 0483 2756187
- കുഴിമണ്ണ കൃഷി ഭവൻ – ഫോൺ 0483 2855377
- കുഴിമണ്ണ വെറ്റിനറി ഡിസ് പെൻസറി – ഫോൺ 0483 2851201
- ഐ.സി.ഡി.എസ്. സബ് സെന്റർ
- പ്രാഥമികാരോഗ്യ കേന്ദ്രം, കുഴിമണ്ണ – ഫോൺ 0483 2851700
- പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ – കുഴിഞ്ഞൊളം , കടുങ്ങല്ലൂർ ,പുളിയക്കോട് , കുഴിമണ്ണ സെക്കന്റ് സൗത്ത്
- അങ്കണവാടികൾ
- ആയുർവേദ ഡിസ്പെൻസറി കുഴിമണ്ണ
- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കുഴിമണ്ണ
- അസിസ്റ്റന്റ് എഞ്ചിനീയറുടെ (LSGD) കാര്യാലയം കുഴിമണ്ണ
- തുടർ വിദ്യാ കേന്ദ്രങ്ങൾ –
- പൊതു വായന ശാലകൾ – കിഴിശ്ശേരി , പുളിയക്കോട് , കടുങ്ങല്ലൂർ
- കുടുംബശ്രീ ഓഫീസ്
- വി.ഇ.ഒ ഓഫീസ്
- സ്കൂളുകൾ

GUPS കടുങ്ങല്ലൂർ

GLPS കിഴിശ്ശേരി

GMUPS കിഴിശ്ശേരി

GLPS കുഴിമണ്ണ സെക്കന്റ് സൗത്ത്

GLPS കുഴിമണ്ണ (കുഴിയംപറമ്പ്)

## പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ ന മ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ടവിധം | നിബന്ധനകൾ | അടയ്ക്കേ ണ്ടഫീസ് | സേവനംലഭ്യ മാക്കേണ്ട സമയ പരിധി |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | വീട്ടിൽ വെച്ച് നടന്ന ജനന മാണെങ്കിൽ ഗൃഹനാഥനും ആ ശുപത്രിയിൽ വെച്ചു നടന്നതാ ണെങ്കിൽ ആശുപത്രി അധികൃ തരും മറ്റു സ്ഥാപനങ്ങളിലാ ണെങ്കിൽ സ്ഥാപന ഉടമയും പ ഞ്ചായത്തിൽ നിന്നും സൗജ ന്യമായി ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം KSMART വഴി അപേക്ഷ സമർപ്പിക്കണം | ജനനം നടന്ന പ്രദേശം/സ്ഥാപനം ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. മതിയായ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ പിഴയോട് കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ KSMART വഴി അപേക്ഷ സമർപ്പിക്കണം | ജനന തിയ്യതി മുതൽ 21 ദിവസം വരെ സൗജന്യം. അതിന് ശേഷം 30 ദിവസംവരെ 2 രൂപ ലേറ്റ് ഫീ | 7 ദിവസം |
| 2 | ജനന രജിസ്റ്ററിൽ പേരു ചേർക്കൽ (ജനനം ര ജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലയെങ്കിൽ മാത്രം) (1969 ലെ ജ നന-മരണ രജിസ്ട്രേ ഷൻ ആക്ട്) | KSMART വഴി അപേക്ഷ സമർപ്പിക്കണം | ആറു വയസ്സു കഴിഞ്ഞാൽ കുട്ടികളുടെ ജനനക്രമം തെളിയിക്കുന്ന മാതാ പിതാക്കളുടെ സത്യപ്രസ്താവന, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. | ഒരു വർഷം വരെ സൗജന്യം. തുടർന്ന് 5 രൂപ ലേറ്റ് ഫീ | 7 ദിവസം |
| 3 | മരണ രജിസ്ട്രേ ഷൻ(1969 ലെ ജനന മ രണരജിസ്ട്രേഷൻ ആക്ട്) | വീട്ടിൽ വെച്ച് നടന്ന മരണമാ ണെങ്കിൽ ഗൃഹനാഥനും ആ ശുപത്രിയിൽ വെച്ചു നടന്നതാ ണെങ്കിൽ ആശുപത്രി അധികൃ തരും മറ്റു സ്ഥാപനങ്ങളിലാണെ ങ്കിൽ സ്ഥാപന ഉടമയും പഞ്ചാ യത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം KSMART വഴി | മരണം നടന്ന പ്രദേശം/സ്ഥാപനം ഉൾ പ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിൽ അപേക്ഷിക്കണം. 21 ദിവസ ത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജ ന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. മതിയാ യ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ പിഴയോട് കൂടി KSMART വഴി അപേക്ഷ സമർപ്പിക്കണം | മരണ തിയ്യ തി മുതൽ 21 ദിവസം വരെ സൗജന്യം. അതിനു ശേ ഷം 30 ദിവ സം വരെ 2 രൂപ ലേറ്റ് ഫീ. | 7 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | അപേക്ഷ സമർപ്പിക്കണം | | | |
| 4 | ജനനം/ മരണം താമസി ച്ചു രജിസ്റ്റർ ചെയ്യൽ (1969 ലെ ജനന മരണ ര ജിസ്ട്രേഷൻ ആക്ട്) | അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാ മ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിൽ/ വെള്ളക്കടലാസിൽ ജനനം/ മര ണം നടന്ന ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം. ജനന/ മരണം നടന്ന ഗ്രാമപഞ്ചായത്തിൽ അപേ ക്ഷിക്കണം. ജനന/മരണ റിപ്പോർട്ട് നിർദ്ദിഷ്ട KSMART വഴി അപേക്ഷ സമർപ്പിക്കണം | ജനന മരണ തീയ്യതി മുതൽ 30 ദിവസം കഴിഞ്ഞ് 1 വർഷം വരെ ജില്ലാ രജിസ് ട്രാർക്കും ഒരു വർഷം കഴിഞ്ഞ് റവന്യൂ ഡിവിഷണൽ ഓഫീസർക്കും സംഭവം വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, ഗസറ്റഡ് ഓഫീ സർ/നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെടുത്തി യ സത്യവാങ്മൂലം എന്നിവയും ഹാജ രാക്കണം. | **30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. ഒരു വർഷത്തിന് മുകളിൽ 10 രൂപ** | 7 ദിവസം |
| 5 | ജനന/ മരണ സർട്ടി ഫിക്കറ്റ് | KSMART വഴി അപേക്ഷ സമർപ്പിക്കണം | അപേക്ഷകന്റെ പേരിൽ വാങ്ങിയ 50 രൂ പയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്ര പത്രം ഹാജരാക്കണം. | തെരെച്ചിൽ ഫീസ് ഒരു വർഷത്തേ ക്ക് 2 രൂപ. പ കർപ്പ് ഫീസ് 5 രൂപ | 7 ദിവസം |
| 7 | ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ | ജനന രജിസ്ട്രാർക്ക് അപേക്ഷ നൽകണം | കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവ്/ അഡോപ്ഷൻ ഡീഡിന്റെ പകർപ്പ് സഹിതം അംഗീകൃത അഡോപ്ഷൻ ഏജൻസി സ്ഥിതി ചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ/ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം. അപേക്ഷിച്ച് പരമാവധി 10 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകുന്നതാണ്. | | പരമാവധി 10 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകുന്നതാണ്. |
| 8 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ | കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയി::ിൽ സ്ഥിര താമസക്കണമെന്ന ഉദ്ദേശത്തോടുകൂടി തിരിച്ചെത്തിയാൽ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം അവരുടെ | 1956 ലെ സിറ്റിസന് ചട്ടങ്ങള് പ്രാകരം ഇൻഡ്യന് പൌരൻമാരുടെ ഇൻഡ്യക്കു വെളിയിലുള്ള എല്ലാ ജനനവും മരണവും ഇ്നഡ്യന് കോൺസുലേറ്റുകളില് രജിസ്റ്റര് ചെയ്യാവുന്നതാണ്. കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം | ഇന്ത്യയില ത്തി 60 ദിവസം വരെ സൌജന്യം അതു കഴിഞ്ഞാൽ ജനന | |

| | | | | | |
|---|---|---|---|---|---|
| | | ഇൻഡ്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ അപേക്ഷിക്കണം. 60 ദിവസം കഴിഞ്ഞാൽ ജനന മരണ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 13(2 ), 13(3) അനുസരിച്ച് രജിസ്ട്രേഷൻ നടപടി. | ഇന്ഡ്യയിൽ സ്ഥിരതാമസമാക്കാന് ഉദ്ദേശിക്കുന്നു എന്ന സത്യവാങ്ങാമൂലം. | തീയതി മുതൽ ഒരു വർഷം വരെ 5 രൂപ ലേറ്റ് ഫീ അതിനുശേഷം 10 രൂപ | |
| 9 | ജനന രജിസ്ട്രേഷൻസമയത്ത് കുട്ടിയുടെ പേര് തെറ്റായി ചേർത്തത് തിരുത്തൽ/ കുട്ടിയുടെ പേരിലെ ഇൻഷ്യൽ വികസിപ്പിച്ച് തിരുത്തി നൽകൽ | മാതാപിക്കളുടെ സംയുക്ത അപേക്ഷ (പ്രായപൂർത്തിയായെങ്കിൽ കുട്ടിയുടെ അപേക്ഷ) | തെറ്റായ പേര് ചേർക്കാനിടയായ സഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ സത്യവാങ്മൂലം | | |
| 10 | നോൺ അവെയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ്( ജനനം/ മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ) (1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്) | അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിൽ/ വെള്ളക്കടലാസിൽ ജനനം/ മരണം നടന്ന ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം | ജനനം/മരണം നടന്ന സമയത്തെ താമസ സ്ഥലം, ജനനം / മരണം നടന്ന സ്ഥലം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. അല്ലാത്ത പക്ഷം പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളൂ. | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ. സർട്ടിഫിക്കറ്റ് 2 രൂപ. | 7 ദിവസം |
| 11 | വിവാഹ രജിസ്ട്രേഷൻ (1955 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട് വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ് (വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നു സാക്ഷ്യ പത്രം മുതലായവ) പ്രായം തെളിയിക്കുന്ന രേഖ | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമ പഞ്ചായത്തിൽ വിവാഹം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ മുൻ വിവാഹം ഒഴിവാക്കിയതിന്റെ/ വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം. | | 15 ദിവസം |
| 12 | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ 30 ദിവസത്തിന് ശേഷമുള്ളവ (1955 ലെ ഹിന്ദു വിവാഹ നിയമ പ്രകാരം) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ, വിവാഹിതരായി എ്ന്നുള്ളതിനുള്ള | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യണം. 2 സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ മുൻ വിവാഹം ഒഴിവാക്കിയതിന്റെ/ വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം. | | 15 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | തെളിവ് (വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ), പ്രായം തെളിയിക്കുന്ന രേഖ | | | |
| 13 | വിവാഹ സർട്ടിഫിക്കറ്റ് (1955 ലെ ഹിന്ദു വിവാഹ നിയമ പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | KSMART വഴി അപേക്ഷ സമർപ്പിക്കണം | അപേക്ഷകന്റെ പേരിൽ വാങ്ങിയ 50 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രം ഹാജരാക്കണം | സർട്ടിഫിക്കറ്റിന് 10 രൂപ | 15 ദിവസം |
| 14 | വിവാഹ രജിസ്ട്രേഷൻ 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു ചട്ടങ്ങൾ പ്രകാരം) | നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ രണ്ട് പകർപ്പുകൾ വധുവരന്മാരും രണ്ട് സാക്ഷികളും ഒപ്പിട്ട് (ഭാര്യയുടെയും ഭർത്താവിന്റെയും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചിരിക്കണം) ഭാര്യയുടെയും ഭർത്താവിന്റെയും ഓരോ ഫോട്ടോകൾ വേറെയും. മതാചാര പ്രകാരമാണെങ്കിൽ/ സ്റ്റാറ്റ്യൂട്ടറി നിയപ്രകാരമാണെങ്കിൽ സാക്ഷ്യപത്രം വയസ്സ് തെളിയിക്കുന്ന രേഖഎന്നിവ സഹിതം വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. | വിവാഹം നടന്ന തീയ്യതി മുതൽ 45 ദിവസത്തിനു ശേഷം 5 വർഷം വരെ മുൻ പറഞ്ഞ രേഖകൾക്കൊപ്പം വിവാഹം നടന്നത് സംബന്ധിച്ച് രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവ് അല്ലെങ്കിൽ ഫോറം നമ്പർ 2 ൽ ഉള്ള സാക്ഷ്യ പത്രവും (ങജ/ങഘഅ/ പഞ്ചായത്തംഗം/ ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യപത്രം) ഒരു വർഷത്തിനു ശേഷം രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്കുള്ള അപേക്ഷയും ഉണ്ടായിരിക്കണം. | രജിസ്ട്രേഷൻ 100 രൂപ ( പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർ, ദാരിദ്ര്യ രേഖയ്ക്കു താഴെ യുള്ളവർ എന്നിവർക്ക് രജിസ്ട്രേഷൻ ഫീസ് 10 രൂപ മാത്രം. സർട്ടിഫിക്കറ്റ് 20 രൂപ. 45 ദിവസത്തിനു ശേഷം 5 വർഷം വരെ പിഴയായി 100 രൂപ . 5 വർഷത്തിനു ശേഷം പിഴ യായി 250 രൂപ ((അനുമതി ലഭിച്ചതിനു ശേ | 7 ദിവസം |

| | | | | | |
|---|---|---|---|---|---|
| | | | | ഷം) | |
| 15 | *ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1100 രൂപ* | *നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ, പ്രായം തെളിയിക്കുന്നതിനുള്ള രേഖ/ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വോട്ടേഴ്സ ഐഡി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്* | *60 വയസ്സിനുമുകളിൽ പ്രായമുള്ളവരാകണം. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്ന് വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. വൃദ്ധ സദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയായിരിക്കരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ കവിയരുത്.* | *ഇല്ല* | *അപേക്ഷിച്ച് 40 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ കലക്ടറേറ്റിൽ 11നൽകുന്നു.* |

| | | | | | |
|---|---|---|---|---|---|
| 16 | വിധവ പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും) പ്രതിമാസം 1100 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ ,ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ വിവാഹമോചിതയാണെന്ന് തെളിയിക്കുന്ന രേഖ/5 വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരുമില്ലാത്തവർ അതു സംബന്ധിച്ച രേഖ, റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വോട്ടേഴ്സ ഐഡി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് | കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ ഒരു ലക്ഷത്തിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. രണ്ട് വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം.യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. വിധവകൾ/വിവാഹമോചിതർ/ ഭർത്താവിനെക്കുറിച്ച് 5 വർഷമായി യാതൊരു വിവരവും ഇല്ലാത്തവർ | ഇല്ല | അപേക്ഷിച്ച് 40 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരാത്തോടെ വിതരണം ചെയ്യുന്നതാണ്. |
| 17 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ) പ്രതിമാസം 1100 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ , അംഗവൈകല്യം തെളിയിക്കുന്ന രേഖ, റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വോട്ടേഴ്സ ഐഡി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് | കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. | ഇല്ല | അപേക്ഷിച്ച് 40 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരാത്തോടെ വിതരണം ചെയ്യുന്നതാണ്. |
| 18 | കർഷകത്തൊഴിലാളി പെൻഷൻ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ, പ്രായം തെളിയിക്കുതിനുള്ള രേഖ, ഭൂസ്വത്തിന്റെ വിവരങ്ങൾ, കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം, റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വോട്ടേഴ്സ ഐഡി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് | കേരളത്തിൽ 10 വർഷമായി സ്ഥിരതാമസമായിരിക്കണം. 60 വയസ്സ് തികഞ്ഞിരിക്കണം. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. | ഇല്ല | അപേക്ഷിച്ച് 45 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരാത്തോടെ വിതരണം ചെയ്യുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 19 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ (പ്രതിമാസം 1100 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ, പ്രായം തെളിയിക്കുതിനുള്ള രേഖ, വിവാഹിതയല്ലെന്നുള്ളത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ(വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം), റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, വോട്ടേഴ്സ ഐഡി കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് | കേരളത്തിൽ സ്ഥിരതാമസമായിരിക്കണം. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. | ഇല്ല | അപേക്ഷിച്ച് 40 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിതരണം ചെയ്യുന്നതാണ്. |
| 20 | തൊഴിൽരഹിത വേതനം (പ്രതിമാസം 120 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ 2 പകർപ്പുകൾ, എസ്.എസ്.എൽ.സി ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസാകണം. ധ വികലാംഗർ, എസ്.സി/ എസ്.ടി എന്നിവർക്ക് എസ്.എസ്.എൽ.സി തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ മാത്രം എഴുതിയവർക്ക് ബാധകമല്ല)പ | വാർഷിക വരുമാനം 12000 രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനുണ്ടാകരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. (അംഗവൈകല്യം ഉള്ളവർക്ക് 2 വർഷം), 35 വയസ്സ് കവിയരുത്. വിദ്യാർത്ഥി ആയിരിക്കരുത്. അപേ്കഷിക്കുന്നതിന് തൊട്ടു മുമ്പുള്ള 3 വർഷത്തിനുള്ളിൽ 1 വർഷമോ അതിൽ കൂടുതലോ കാലയളവിൽ തുടർച്ചയായി ജോലിയുണ്ടായിരുന്നാൽ അർഹതയുണ്ടാവില്ല. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാതിരുന്നാലും ക്യാൻസലായ ശേഷം എംപ്ലോയ്മെന്റ് ഡയരക്ടറുടെ പ്രത്യേക ഉത്തരവു മുഖേന പുതുക്കിയതാണെങ്കിലും അർഹതയുണ്ടാവില്ല. | ഇല്ല | അപേക്ഷിച്ച് 45 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിതരണം ചെയ്യുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 21 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം 30000 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ വിവാഹത്തിനു 30 ദിവസം മുമ്പ് നൽകണം ( അപേക്ഷകയുട ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വരന്റെ സാക്ഷ്യപത്രം, റേഷൻകാർഡിന്റെ പകർപ്പ് തുടങ്ങിയവ സഹിതം) നിശ്ചിത തിയ്യതിക്ക് അപേക്ഷ നൽകാൻ കഴിഞ്ഞില്ലെങ്കിൽ 3 മാസം വരെ അപേക്ഷ പരിഗണിക്കാം.വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സാക്ഷ്യപത്രം, അപേക്ഷകയുടെ തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി | വാർഷിക വരുമാനം 20000 രൂപയിൽ കവിയരുത്. മൂന്ന് വർശഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. | ഇല്ല | അപേക്ഷിച്ച് 30 ദിവസത്തിനകം അന്വേഷണം നടത്തി അർഹരായവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ വിതരണം ചെയ്യുന്നതാണ |
| 22 | കെട്ടിടം / മതിൽ / കിണർ തുടങ്ങിയ നിർമാണ പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലുള്ള സർച്ചാർജും ചട്ടങ്ങൾ | nKSMART വഴി അപേക്ഷ സമർപ്പിക്കണം. (വസ്തുവിന്റെ ആധാര പകർപ്പ്, നികുതി അടച്ച രസീതിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നിർമാണ പ്രവർത്തിയുടെ പ്ലാൻ (സൈറ്റ് പ്ലാനും മറ്റനുബന്ധ പ്ലാനുകളും 3 സെറ്റ് സഹിതം), പ്ലാനുകളും ഡ്രോയിംഗുകളും തയ്യാറാക്കിയ ബിൽഡിംഗ് ഡിസൈനറുടെയോ ബിൽഡിംഗ് സൂപ്പർവൈസറുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് | വസ്തുവിന്റെ ആധാരം, നികുതി രസീത് തുടങ്ങിയവയുടെ അസ്സൽ പരിശോധനക്ക് ഹാജരാക്കണം. അപേക്ഷ ഫീസ് അടച്ചതിന്റെ രസീതും ഹാജരാക്കണം, പ്ലാനുകൾ അംഗീകൃത ആർക്കിടക്ട്/ എഞ്ചിനീയർ/ സൂപ്പർവൈസർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയതാകണം. 60 ച.മീ വരെയുള്ള സാസഗൃഹങ്ങൾക്ക് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ചുറ്റളവ് മാത്രം കാണിച്ചുകൊണ്ടുള്ള സ്കെച്ച് നൽകിയാൽ മതിയാകും. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം | 15 ദിവസം |
| 23 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | KSMART വഴി അപേക്ഷ സമർപ്പിക്കണം അനുവദിച്ച പെർമിറ്റും പ്ലാനും സഹിതം | പെർമിറ്റ് കാലാവധി തീരുന്നതിന് മുമ്പ് അപേക്ഷിക്കണം. തന്നാണ്ടത്തെ ഭൂനികുതി അടച്ചതിന്റെ രസീത് ഹാജരാക്കണം. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം | 15 ദിവസം |
| 24 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | KSMART വഴി അപേക്ഷ സമർപ്പിക്കണം ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച പെർമിറ്റ് സഹിതം | പെർമിറ്റ് കൈമാറ്റം ചെയ്യുന്നുണ്ടോ എന്ന വിവരം പെർമിറ്റ് കൈവശമുള്ള ആൾ അറിയിക്കണം | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം | 15 ദിവസം |

| | | | | | |
|---|---|---|---|---|---|
| 25 | പെർമിറ്റ് പുതുക്കൽ കെട്ടിടം | KSMART വഴി അപേക്ഷ സമർപ്പിക്കണം നിലവിലുള്ള പെർമിറ്റും പ്ലാനും സഹിതം | പെർമിറ്റ് കാലാവധി തീർന്ന് ഒരു വർഷത്തിനകം അപേക്ഷിക്കണം. തന്നാണ്ടത്തെ ഭൂനികുതി അടച്ചതിന്റെ രസീത് ഹാജരാക്കണം. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം | 15 ദിവസം |
| 26 | പെർമിറ്റ് പുതുക്കൽ മതിൽ/ കിണർ | KSMART വഴി അപേക്ഷ സമർപ്പിക്കണം | പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷിക്കണം. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം | 15 ദിവസം |
| 27 | പുതിയ കെട്ടിടത്തിനു നമ്പർ നൽകുന്നതിന് | അംഗീകൃത പ്ലാനിന്റെയും അനുമതിയുടെയും പകർപ്പും നിശ്ചിത ഫോറത്തിലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റും സഹിതം അപേക്ഷിക്കണം. | കെട്ടിട നിർമ്മാണം പൂർത്തിയാക്കി 15 ദിവസത്തിനകം (തൊട്ടടുത്ത കെട്ടിടത്തിന്റെ നമ്പർ കാണിച്ചിരിക്കണം.) KSMART വഴി അപേക്ഷ സമർപ്പിക്കണം | നിർണ്ണയിക്കുന്ന നികുതി (കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം) | 15 ദിവസം |
| 28 | ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് | • KSMART വഴി അപേക്ഷ സമർപ്പിക്കണം പെർമിറ്റും അംഗീകൃത പ്ലാനും സഹിതം | കാലാവധി നീട്ടുന്നതിന് സാധുതാകാലാവധി അവസാനിക്കുന്നതിനുമുന്പ് അപേക്ഷ സമർപ്പിക്കണം. | കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം | |
| 29 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | KSMART വഴി അപേക്ഷ സമർപ്പിക്കണം | അസസ്മെന്റ് രജിസ്റ്ററിലുണ്ടായിരിക്കണം. കെട്ടിട നമ്പർ കാണിച്ചിരിക്കണം. എന്താവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്ന് വ്യക്തമാക്കിയിരിക്കണം. | കുടിശ്ശിക ഉണ്ടെങ്കിൽ തീർത്തിരിക്കണം. | 3 ദിവസം |
| 30 | താസമക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | KSMART വഴി അപേക്ഷ സമർപ്പിക്കണം സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടക കരാർ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം. | താമസിക്കുന്ന ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം. കെട്ടിട നമ്പർ കാണിച്ചിരിക്കണം. ആവശ്യം വ്യക്തമാക്കിയിരിക്കണം. സാധാരണ താമസക്കാരനായിരിക്കണം. | | 7 ദിവസം |
| 31 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | KSMART വഴി അപേക്ഷ സമർപ്പിക്കണം ഇരു കക്ഷികളുടെയും സംയുക്ത അപേക്ഷ കൈവശം സംബന്ധിച്ച അസ്സൽ രേഖ/ ആധാരം (ഒറിജിനലും പകർപ്പും) വസ്തു കൈവശക്കാരൻ മരഫ്പെട്ടെങ്കിൽ അനന്തരാവകാശികളുടെ സർട്ടിഫിക്കറ്റ്, ഭൂനികുതി ഒടുക്കിയ രേഖ | കെട്ടിട നമ്പർ അപേക്ഷയിലും ആധാരത്തിലും ഉണ്ടാകണം. ആധാരത്തിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, ടി നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നു എന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, സംയുക്താപേക്ഷയില്ലെങ്കിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് രജിസ്റ്റർ നോട്ടീസ് അയച്ച് ആക്ഷേപം പരിഗണിച്ചായിരിക്കും കൈമാറ്റം ചെയ്യുക. | | 30 ദിവസം |

| | | | | | |
|---|---|---|---|---|---|
| 32 | ചുമത്തിയ കെട്ടിട നികുതിയിന്മേലുള്ള അപ്പീൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം നികുതി അടച്ച രശീതിയചുടെ പകർപ്പ് | സെക്കട്ടറി ചുമത്തിയ നികുതി അധികമാണെന്നു പറയുന്നതിനുള്ള കാരണം കാണിച്ച്, ചുമത്തിയ നികുതി ഒടുക്കി, രസീതിന്റെ പകർപ്പ് സഹിതം 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കാണ് അപ്പീൽ നൽകേണ്ടത്. | | 60 ദിവസം |
| 33 | കെട്ടിട നികുതി ഒഴിവാക്കൽ (1996 ലെ കേരള പഞ്ചായത്ത് രാജ്) (കെട്ടിട നികുതിയും അതിന്മേലുള്ള സർ ചാർജും) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം | കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം. നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ തെളിവു സഹിതം കാണിച്ചിരിക്കണം. | | 15 ദിവസം |
| 34 | പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ (1996 ലെ കേരള പഞ്ചായത്ത് രാജ്) (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജ്ജും) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം | കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ച് തീർത്തിരിക്കണം. | | 15 ദിവസം |
| 35 | ഒഴിഞ്ഞു കിടക്കുന്നതു മൂലം കെട്ടിട നികുതി ഇളവു ചെയ്യൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജും ) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം. ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ നൽകണം. | ഏതെങ്കിലും അർദ്ധ വർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞും വാടകക്ക് കൊടുക്കാതെ കിടന്നിട്ടുണ്ടെങ്കിൽ മാത്രം ഒരു പ്രത്യേക തീയ്യതി മുതൽ കെട്ടിടം ഒഴിയുകയും വാടകക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമെന്ന് സെക്രട്ടറിക്ക് മുൻകൂട്ടി നോട്ടീസ് നൽകിയിരിക്കണം. നോട്ടീസിന്റെ കാലാവധി അതു കൊടുക്കുന്ന അർദ്ധ വർഷത്തേക്ക് മാത്രമായിരിക്കും. | | 30ദിവസം |
| 36 | പെർമിറ്റില്ലാത്ത നിർമ്മാണം / വ്യതിയാനം / കെട്ടിട നിർമാണ ക്രമവൽക്കരണം | KSMART വഴി അപേക്ഷ സമർപ്പിക്കണം ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാനും മറ്റനുബന്ധ പ്ലാനുകളും അംഗീകൃത പ്ലാനിൽ നിന്നും വ്യതിയാനമുണ്ടെങ്കിൽ അംഗീകൃത പ്ലാനും ലഭിച്ച പെർമിറ്റും ഫീസ് ഒടുക്കിയ രേഖകളും | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം. | ചട്ടങ്ങൾ പ്രകാരം | 15 ദിവസം |

| | | | | | |
|---|---|---|---|---|---|
| 37 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | KSMART വഴി അപേക്ഷ സമർപ്പിക്കണം കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർക്കണം. | കെട്ടിട നിർമ്മാണത്തിനു ലഭിച്ച അനുവാദ പത്രിക, നിർമ്മാണം പൂർത്തിയാക്കിയ തീയ്യതി, നികുതി ചുമത്തിയ തീയ്യതി, സാക്ഷ്യപത്രം എന്താവശ്യത്തിനാണ് എന്ന് വിവരം മുതലായവ കാണിച്ചിരിക്കണം. | | 7 ദിവസം |
| 38 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് (കേരള പഞ്ചായത്ത് രാജ് ആക്ട്, 1996 ലെ കേരള പഞ്ചായത്ത് രാജ്) ആപൽക്കരവും അസഹ്യവുമായ സ്വാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം (കെട്ടിടം വാടകയ്ക്കാണെങ്കിൽ ഉടമയുടെ 200 രൂപയുടെ മുദ്രപേപ്പറിലുള്ള സമ്മത പത്രം) | സ്ഥലത്തിന്റെ രേഖ (ഒറിജിനലും പകർപ്പും) പുരയിടം/ കെട്ടിടത്തിന്റെ പ്ലാനും മറ്റനുബന്ധ പ്ലാനുകളും മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട നിരാക്ഷേപ പത്രങ്ങൾ (ഉദാ. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ വകുപ്പ്, ഫയർഫോഴ്സ്, ഫാക്ടറി ഇൻസ്പെക്ടർ, മൈനിംഗ് & ജിയോളജി, വനം വകുപ്പ്, എക്സ്പ്ലോസീവ് ലൈസൻസ് തുടങ്ങിയവ) ശക്തിയോ നിർമ്മാണ യന്ത്രമോ യന്ത്ര സാമഗ്രികളോ സംബന്ധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ | | 30 ദിവസം |
| 39 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് (കേരള പഞ്ചായത്ത് രാജ് ആക്ട്,1996 ലെ കേരള പഞ്ചായത്ത് രാജ്) (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം | പുതുതായി ആരംഭിക്കുവാൻ 30 ദിവസം മുമ്പ് അപേക്ഷ നൽകുക, കെട്ടിടം സംബന്ധിച്ച രേഖ (വാടക കെട്ടിടമാണെങ്കിൽ സമ്മത പത്രം, വാടക ചീട്ട്) ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു വർഷം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം അപേക്ഷ നൽകണം. | ചട്ടങ്ങൾ പ്രകാരം | 30 ദിവസം |
| 40 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ് 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | KSMART വഴി അപേക്ഷ സമർപ്പിക്കണം പ്രായം, നിറം എന്നിവ കാണിച്ചിരിക്കണം | പ്രതിരോധ കുത്തി വെയ്പ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പമുണ്ടായിരിക്കണം. | ചട്ടങ്ങൾ പ്രകാരം | 30 ദിവസം |

| | | | | | |
|---|---|---|---|---|---|
| 41 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ രജിസ്ട്രേഷൻ | KSMART വഴി അപേക്ഷ സമർപ്പിക്കണം സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകണം. | കെട്ടിടം സംബന്ധിച്ച രേഖ (വാടക കെട്ടിടമാണെങ്കിൽ സമ്മത പത്രം, വാടക ചീട്ട്) മുതലായവ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകണം. | കേരള പഞ്ചായത്ത് രാജ് ആക്ട്, 1997 ലെ കേരള പഞ്ചായത്ത് രാജ്) (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം | 15 ദിവസം |